പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1850

12.06.19 ൽ മറുപടിയ്ക്ക്

## രോഗികൾ ഇല്ലാതെ ഓടുന്ന ആംബുലൻസുകളുടെ ഹോൺ മുഴക്കൽ

| ചോദ്യം<br>പ്രൊഫ.കെ.യു. അരുണൻ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | രോഗികളെ ആശുപത്രികളിൽ എത്തിച്ച് മടങ്ങുന്നതും മൃതശരീരവുമായി പോകുന്നതുമായ ആംബുലൻസുകൾ ഉച്ചത്തിൽ ഹോൺ മുഴക്കിയും അപകടമുന്നറിയിപ്പ് സൂചകങ്ങൾ പ്രവർത്തിപ്പിച്ചും സഞ്ചരിക്കുന്നതിന് നിയമസാധുതയുണ്ടോ; | (എ) | അപകടങ്ങളിൽപ്പെടുന്നവരെ യഥാസമയം ആശുപത്രികളിൽ എത്തിക്കുന്നതിനും, അപകട സ്ഥലത്ത് അടിയന്തിരമായി എത്തിച്ചേരുന്നതിനു വേണ്ടിയും മാത്രമാണ് ആംബുലൻസുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ലൈറ്റുകൾ ഉപയോഗിച്ചും ശബ്ദം മുഴക്കിയും യാത്ര നടത്തേണ്ടത്. മറ്റ് അവസരങ്ങളിൽ ഒന്നും തന്നെ ഇത്തരം യാത്ര അനുവദിക്കപ്പെട്ടിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത പ്രവണത തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികൾ ഇത്തരം നിയമലംഘനങ്ങൾക്കെതിരായി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ